**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3482 12.05.2017-ന് മറുപടിയ്ക്ക്**

**വനാതിർത്തിയോട്ട ചേർന്നു കിടക്കുന്ന ഭൂമി വനത്തോട് ചേർത്തുകൊണ്ടുള്ള വിജ്ഞാപനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | 1977-ന് ശേഷം വനാതിർത്തിയോട്ട ചേർന്നു കിടക്കുന്ന എത്ര ഏക്കർ ഭൂമി വനത്തോട് ചേർത്ത് വനംവകുപ്പ് വിജ്ഞാപനം പുറപ്പെട്ടുവിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ; | (എ) | 1977 ന് ശേഷം വനാതിർത്തിയോട്ട ചേർന്നു കിടക്കുന്ന 14,069.5336 ഹെക്ടർ ( 34,766.5746 ഏക്കർ) ഭൂമി ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ് (ഇ.എഫ്.എൽ) ആയി വനം വകുപ്പ് വിജ്ഞാപനം പുറപ്പെട്ടുവിച്ചിട്ടുണ്ട്. കോട്ടയം വൈൽഡ് ലൈഫ് സർക്കിളിന്റെ പരിധിയിൽ വരുന്ന മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽ റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്നതുമായ 1,281.7430 ഹെക്ടർ (3.167.2532 ഏക്കർ) പ്രദേശം മതികെട്ടാൻ ഷോല നാഷണൽ പാർക്ക് ആയും, 3,200.0027 ഹെക്ടർ (7,907.372 ഏക്കർ) വരുന്ന റവന്യൂ ഭൂമി കറിഞ്ഞിമല വന്യജീവി സങ്കേതമായും പ്രഖ്യാപിച്ച് വനം വകുപ്പ് വിജ്ഞാപനം പുറപ്പെട്ടുവിച്ചിട്ടുണ്ട്. |
| (ബി) | കൃഷിയിടങ്ങൾ വനംവകുപ്പിനോട് ചേർത്തിട്ടുള്ള ഇടങ്ങളിലെ പരാതികൾ അദാലത്ത് നടത്തി നിയമപരമായി അർഹതപ്പെട്ടവർക്ക് അതിവേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിലുള്ള വിശദവിവരം നൽകുമോ; ഇതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ? | (ബി) | രണ്ട് ഹെക്ടറിൽ കൂടാത്ത ഇ.എഫ്.എൽ സ്ഥലങ്ങളെ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ശുപാർശകൾ നൽകാൻ എം.എൽ.എ, പഞ്ചായത്ത് പ്രസിഡന്റ്, ശാസ്ത്രജ്ഞർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങിയ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ 2001 ലെ ഇ.എഫ്.എൽ ഓർഡിനൻസിന് കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട ഇ.എഫ്.എൽ സ്ഥലങ്ങൾ പരിശോധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെട്ടുവിക്കുവാൻ കസ്റ്റോഡിയനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇ.എഫ്.എൽ ആയി ഏറ്റെടുത്തതിനെതിരെ മുൻ ഉടമസ്ഥർക്ക് ഇതിനായി സ്ഥാപിച്ചിട്ടുള്ള ട്രിബ്യൂണലുകളെയും സമീപിക്കാവുന്നതാണ്. നാഷണൽ പാർക്കായും, വന്യജീവി സങ്കേതമായും പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ജനങ്ങൾക്കുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർമാരെ സർക്കാർ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ